(ബി) വേമ്പനാട് കായലിൽ പതിക്കുന്ന ആറ് നദികളെക്കുറിച്ചുള്ള സി. ഡബ്ല്യു. ആർ. ഡി. എം. ന്റെ സമഗ്രമായ പഠന റിപ്പോർട്ടിൽ 2051-ാം വർഷത്തോടെ കേരളത്തിലെ നദികളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാൻ സാധ്യതയുള്ളതായി (പ്രത്യേകിച്ചും പമ്പാ നദിയിൽ) പ്രസ്താവിച്ചിട്ടുണ്ട്. ആയതിനാൽ നദീസംയോജന പദ്ധതി നടപ്പിൽ വന്നാൽ കേരളത്തിൽ കുടിവെള്ളക്ഷാമവും വ്യവസായ ജലസേചന പദ്ധതികൾക്ക് നഷ്ടങ്ങളും പെരിയാറിന്റെ കീഴ്തടങ്ങളിൽ ലവണ ജല അധിനിവേശവും പരിസ്ഥിതി പ്രശ്നവും ഉണ്ടാകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതു കൂടാതെ 2051-ഓടെ പമ്പാനദിയിൽ 3537 MM3 ജലത്തിനും അച്ചൻകോവിലിൽ 459 MM3 ജലത്തിനും ക്ഷാമം ഉണ്ടാകുമെന്ന് സി. ഡബ്ല്യു. ആർ. ഡി. എം. റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

റ്റി. എസ്. കനാൽ ഗതാഗതയോഗ്യമാക്കാൻ നടപടി

97 [554] ശ്രീ. ലൂഡി ലൂയിസ്:
,, വർക്കല കഹാർ:
,, പി. ടി. തോമസ്:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റ്റി. എസ്. കനാൽ ഉപയോഗയോഗ്യമാക്കി ഗതാഗതത്തിന് തുറന്ന് കൊടുക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) വർക്കലത്തുരങ്കം എപ്രകാരം വ്യത്തിയാക്കാൻ ഉദ്ദേശിക്കുന്നു.;

(സി) റ്റി. എസ്. കനാൽ എന്നത്തേക്ക് ഗതാഗത യോഗ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വർക്കല വികസന അതോറിറ്റിക്കുവേണ്ടി തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടിൽ വർക്കലത്തുരങ്കത്തിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ തുരങ്കത്തിൽ അടിഞ്ഞു കൂടിയിരിക്കുന്ന മണ്ണും ചെളിയും നീക്കം ചെയ്യുക, ലൈറ്റുകൾ സ്ഥാപിക്കുക, ഹാന്റ് റെയിലുകൾ കൊടുക്കുക തുടങ്ങിയ പണികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് അനുവദിച്ച ഗ്രാന്റ് ഉപയോഗിച്ച് സംസ്ഥാനത്തെ പ്രധാന ജലപാതയായ പശ്ചിമതീര കനാൽ കോവളം മുതൽ നീലേശ്വരം വരെ വികസിപ്പിക്കുന്നതിനുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മാസ്റ്റർ പ്ലാനിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് 2006-2007-ൽ ഈ പദ്ധതിയുടെ ഒന്നാംഘട്ട വികസന പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. 2009-2010-ൽ ഈ പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ ടി. എസ്. കനാൽ ഗതാഗത യോഗ്യമാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly